Draft #8 of File 8503/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 05-Dec-2025 04:44 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

നമ്പർ. 8503/AD A3/4/ADMIN/ADMIN തീയതി: 05.12.2025

പ്രിയദർശിനി ഹിൽസ്

സർക്കുലർ

വിഷയം:- കേരളത്തിൽ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് നടക്കുന്ന ദിവസങ്ങളിൽ വോട്ടർമാരായ താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള സർവകലാശാല ജീവനക്കാർക്ക് അവധി അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. G.O(Rt) No. 5209/2025/GAD, Dated 02.12.2025

മേൽ സൂചന പ്രകാരം കേരളത്തിൽ തെരഞ്ഞെടുപ്പ് നടക്കുന്ന 09.12.2025 ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെയും 11.12.2025 ന് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെയും എല്ലാ പൊതു സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സർക്കാർ പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ കാഷ്വൽ വർക്കേഴ്സ് ഉൾപ്പടെയുള്ള മഹാത്മാഗാന്ധി സർവകലാശാല ജീവനക്കാർക്ക് സൂചന (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വോട്ടെടുപ്പ് ദിനം ശമ്പളത്തോടു/ വേതനത്തോട് കൂടിയുള്ള അവധി അനുവദിച്ചുകൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ബിനോയ് സെബാസ്റ്റ്യൻ
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ വിഭാഗങ്ങൾക്കും ഡിപ്പാർട്ടുമെന്റുകൾക്കും സെന്ററുകൾക്കും
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ /എഫ്.ഒ /സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ.
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി., എം.ജി.യു./എസ്റ്റേറ്റ് ഓഫീസർ
5. എ.ആർ/ഡി.ആർ./ജെ.ആർ (ഭരണം/അക്കാഡമിക്/പരീക്ഷ/ഫിനാൻസ്)
6. എ ഡി.സി.1/2/3/ഐ.ക്യൂ.എ.സി.
7. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് (വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി).
8. എഫ്.സി.സി./എ.സി.സി.1/2/ഫിനാൻസ് 1/4/ ഓഡിറ്റ് 1/5
9. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി/നോട്ടീസ് ബോർഡ്.